കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 9 | ലക്കം 15 | നവംബർ 15, 2021

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

## അകത്താളുകളിൽ

2 കാർഷിക മേഖലയ്ക്ക് ഊർജം പകർന്ന് കേരള-വിയറ്റ്നാം സഹകരണം

5 കാലാവസ്ഥാ വ്യതിയാനവും കാർഷിക മേഖലയും

7 കണ്ണിനെ മയക്കും ഗിർ

# പശ്ചിമഘട്ട ആവാസവ്യവസ്ഥയുടെ സംരക്ഷണം ഉറപ്പാക്കിയുള്ള കൃഷിരീതിക്കു പ്രാധാന്യം നൽകും

## കൃഷി മന്ത്രി പി. പ്രസാദ്



കേരളത്തിലെ പശ്ചിമഘട്ട മലനിരകളെ സംരക്ഷിച്ചു കൊണ്ടും അവിടത്തെ ജൈവവൈവിധ്യത്തിനും ആവാസാവ്യവസ്ഥയ്ക്കും കോട്ടം തട്ടാതെയുള്ള കൃഷിരീതികൾക്കായിരിക്കും പ്രാധാന്യം നൽകുകയെന്ന് കൃഷി മന്ത്രി ശ്രീ പി.പ്രസാദ് നിയമസഭയിൽ വ്യക്തമാക്കി. പശ്ചിമഘട്ടത്തിലെ സംരക്ഷണമെന്നത് കേവലം മലനിരകളുടെയും നീർച്ചാലുകളുടേയും സംരക്ഷണം മാത്രമല്ല അവിടങ്ങളിൽ വസിക്കുന്ന മനുഷ്യന്റെ ഉൾപ്പെടെ എല്ലാ ജീവജാലങ്ങളുടേയും സംരക്ഷണം ഉറപ്പു വരുത്തുക എന്നത് കൂടിയാണെന്ന് കൃഷി മന്ത്രി നിയമസഭയിൽ പറഞ്ഞു. ഓരോ പ്രദേശത്തേയും കാലാവസ്ഥയേയും മണ്ണിനേയും അടിസ്ഥാനമാക്കി കേരളത്തെ 5 അഗ്രോ ഇക്കോളജിക്കൽ സോണുകളായി തിരിച്ചിട്ടുണ്ട്. ഓരോ യൂണിറ്റിനും അനുസരിച്ചുള്ള കാർഷിക പദ്ധതികളായിരിക്കും അവിടെ നടപ്പിലാക്കുകയെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ കൂടുതൽ കാർഷിക വിളകളെ ഉൾപ്പെടുത്തികൊണ്ടും നിലവിലെ നഷ്ടപരിഹാരത്തുകയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടും പദ്ധതി പരിഷ്കരിക്കുമെന്നും മന്ത്രി പറഞ്ഞു. നിലവിൽ 27 ഇനം കാർഷിക വിളകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പല കർഷകരും കൂടുതൽ പുതിയ വിളകളും മറ്റും വിജയകരമായി കേരളത്തിൽ കൃഷി ആരംഭിച്ചിട്ടുണ്ട്.ഈ സാഹചര്യത്തിൽ കൂടുതൽ വിളകളെ പദ്ധതിയിൽ ഉൾപ്പെടുത്തുകയും

ഉത്പാദന ചെലവിന് ആനുപാതികമായി നിലവിലെ നഷ്ടപരിഹാരതുകയിൽ മാറ്റം വരുത്തുവാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കൂടാതെ തേനീച്ച വളർത്തൽ കൂടി ഇൻഷുറൻസ് പരിധിയിൽ കൊണ്ടുവരുന്നതിനും പദ്ധതി ഉള്ളതായി കൃഷി മന്ത്രി അറിയിച്ചു. പ്രകൃതിക്ഷോഭം കാരണം തേനീച്ച കർഷകർക്കും വൻനഷ്ടം പലപ്പോഴും ഉണ്ടാകാറുണ്ട്. കോളനിയും കൂടും നശിച്ചുപോകുന്ന അവസ്ഥയുമുണ്ട്. ഈ രംഗത്തെ കർഷകരുടെ നിരന്തര അഭിപ്രായം കൂടി പരിഗണിച്ചാണ് ഇങ്ങനെ ഒരു തീരുമാനമെന്നും മന്ത്രി പറഞ്ഞു. പ്രകൃതിക്ഷോഭ ദുരന്തങ്ങളിൽ കൃഷി ഭൂമിക്ക് കേടുപാടുകൾ വന്നിട്ടുള്ള പ്രദേശങ്ങളിൽ ഭൂമിയുടെ പുനസ്ഥാപനം

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി സൂചിപ്പിച്ചു. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, കൃഷിഭൂമി ഒലിച്ചുപോകൽ എന്നീ പ്രതിഭാസങ്ങളിൽ കൃഷിഭൂമി നഷ്ടപ്പെട്ടവർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതായിരിക്കും. നിയമസഭയിൽ ശ്രീ ജി.എസ്. ജയലാൽ, ശ്രീ കെ ഡി പ്രസന്നൻ തുടങ്ങിയവരുടെ ചോദ്യങ്ങൾക്കുള്ള മറുപടിയായാണ് മന്ത്രി ഇക്കാര്യങ്ങൾ അറിയിച്ചത്.

ചീഫ് എഡിറ്റർ - ജോർജ് സെബാസ്റ്റ്യൻ
എഡിറ്റർ - ഡോ. ആശ റ്റി.റ്റി.
അസോസിയേറ്റ് എഡിറ്റർ - എം.എസ്. പ്രമോദ് കുമാർ
അസിസ്റ്റന്റ് എഡിറ്റർ - വിഷ്ണു എസ്.പി.

# കാർഷിക മേഖലയ്ക്ക് ഊർജം പകർന്ന് കേരള–വിയറ്റ്നാം സഹകരണം




കേരളവും വിയറ്റ്നാമും സംയുക്ത സഹകരണത്തോടെ നടപ്പിലാക്കുവാൻ കഴിയുന്ന പദ്ധതികൾ കാർഷിക - കൃഷി അനുബന്ധ മേഖലകളുടെ വികസനത്തിനും കാലാവസ്ഥാ അതിജീവനത്തിനും ഗുണപ്രദമായിരിക്കുമെന്ന് കൃഷിമന്ത്രി ശ്രീ പി. പ്രസാദ്. വിയറ്റ്നാം അംബാസിഡർ ശ്രീ ഫാം സാൻഹ് ചൗവിന്റെ നേതൃത്വത്തിലുള്ള ഔദ്യോഗിക സംഘവുമായി തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ വച്ച് നടന്ന കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു മന്ത്രി. സാധ്യമായ മേഖലകളിൽ സാങ്കേതിക വിദ്യകളും അറിവും കൈമാറുന്നതിനുള്ള ധാരണയാണ് സന്ദർശന ലക്ഷ്യമെന്ന് വിയറ്റ്നാം അംബാസിഡർ ശ്രീ ഫാംസാൻഹ് ചൗവും അറിയിച്ചു.

കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുക എന്നത് സംസ്ഥാനം നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയാണെന്ന് മന്ത്രി ശ്രീ പ്രസാദ് പറഞ്ഞു. തൊഴിലാളി ക്ഷാമവും വർദ്ധിച്ച കൂലിച്ചെലവും കാർഷികമേഖലയിലെ യന്ത്രവൽക്കരണത്തിന് പ്രസക്തി വർധിപ്പിച്ചിട്ടുണ്ട്. കർഷകന് സമൂഹത്തിൽ മാന്യമായ ജീവിതനിലവാരം ഉറപ്പു നൽകുന്നതിനായി കാർഷിക വരുമാനം 50 ശതമാനമെങ്കിലും വർധിപ്പിക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും മന്ത്രി സൂചിപ്പിച്ചു. കേരളത്തിന്റെ സമാന ഭൂപ്രകൃതിയും കാലാവസ്ഥയുമുള്ള വിയറ്റ്നാം ഇതേ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. ഇരു ദേശങ്ങളുടെയും സംയോജിച്ചുള്ള ഗവേഷണങ്ങൾ സുസ്ഥിര കാർഷിക വികസനത്തിനും കാലാവസ്ഥ പ്രശ്നങ്ങൾ നേരിടുന്നതിനും സഹായകരമാകും എന്നും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു. കാർഷികോത്പന്നങ്ങളായ കുരുമുളക്, കാഷ്യൂ എന്നിവയുടെ കൃഷി സാങ്കേതിക വിദ്യയിലും , മത്സ്യ ബന്ധനം, ഉന്നത വിദ്യാഭ്യാസം, വിവര സാങ്കേതിക വിദ്യ എന്നീ മേഖലകളിലും സംയോജിച്ചുള്ള പ്രവർത്തനം സാധ്യമാണ്.

പ്രതികൂലസാഹചര്യങ്ങളെ അതിജീവിക്കുന്ന നെല്ലിനങ്ങളുടെ പരസ്പര കൈമാറ്റം, രണ്ടു പ്രദേശങ്ങളിലേയും സംയോജിത കൃഷിസമ്പ്രദായ വിദ്യകളുടെ കൈമാറ്റം, മൂല്യവർദ്ധന ശൃംഖലയിലെ സാങ്കേതികവിദ്യകളുടെ കൈമാറ്റം, (പൈനാപ്പിൾ, ചക്ക,കശുമാവ്, റബ്ബർ തുടങ്ങിയ വിളകളിൽ), കാലാവസ്ഥ അനുരൂപ കൃഷി വിദ്യകളുടെ കൈമാറ്റം, അത്യുൽപാദനശേഷിയുള്ള റബ്ബർ ഇനങ്ങളുടെ കൈമാറ്റം എന്നിവയാണ് വിയറ്റ്നാമുമായി സഹകരിച്ച് നടപ്പിലാക്കുന്നതിന് കഴിയുന്നത്. കുരുമുളക് കൃഷിയിൽ വിയറ്റ്നാം അനുവർത്തിക്കുന്ന അതിസാന്ദ്രത കൃഷി രീതി, സൂക്ഷ്മ ജലസേചനം, കാപ്പി കൃഷിയിൽ അനുവർത്തിക്കുന്ന യന്ത്രവത്കരണം, വിളവെടുപ്പാനന്തര പരിചരണ മുറകൾ, സൂക്ഷ്മ ജലസേചനം എന്നിവയും ചെറു കൃഷിഭൂമികൾക്കു അനുയോജ്യമായ യന്ത്രവൽകൃത മാതൃകകൾ എന്നിവയും വിയറ്റ്നാമിൽ നിന്നും സ്വീകരിക്കുവാൻ സംസ്ഥാനം ആലോചിയ്ക്കുന്നതായി മന്ത്രി അറിയിച്ചു. അശാസ്ത്രീയമായ കാർഷിക മുറകൾ കേരളം അഭിമുഖീകരിയ്ക്കുന്ന പ്രധാന വെല്ലുവിളിയാണ്. കാർഷിക ഉൽപ്പന്നങ്ങളിലെ രാസവസ്തുക്കളുടെ സാന്നിധ്യം ഉൽപ്പന്നങ്ങളുടെ കയറ്റുമതിയെ സാരമായി ബാധിക്കുന്നുണ്ട്.

കാർഷിക വിദ്യാഭ്യാസ മേഖലയിലും കാർഷിക ഗവേഷണ രംഗത്തും വിയറ്റ്നാമിന് സംഭാവന നൽകുവാനും കേരളം തയ്യാറാണ്. കാർഷിക വിജ്ഞാനവ്യാപനരംഗത്തുള്ള സംസ്ഥാനത്തിന്റെ അറിവും പരിചയസമ്പത്തും വിയറ്റ്നാമിന് കൈമാറുന്നതിന് കേരളം സന്നദ്ധമാണെന്നും മന്ത്രി അറിയിച്ചു. ശുദ്ധ ഭക്ഷ്യ ഉത്പാദനം ലക്ഷ്യമിട്ടുകൊണ്ടുള്ള ജൈവകൃഷി പദ്ധതികൾ കേരളത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഈ മേഖലയിലെ സാങ്കേതികവിദ്യകളുടെയും അറിവിന്റെയും കൈമാറ്റം ഗുണപ്രദമായിരിക്കും.

സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ ഡോ. വി.കെ. രാമചന്ദ്രൻ, സ്പെഷ്യൽ ഓഫീസർ (വിദേശ സഹകരണം ) ഡോ.വേണു

രാജാമണി കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസിലർ ഡോ. ചന്ദ്രബാബു, കൃഷി വകുപ്പ് സെക്രട്ടറി ശ്രീമതി സി.എ. ലത ഐ.എ. എസ്, വിയറ്റ്നാം അംബാസിഡറുടെ പ്രൈവറ്റ് സെക്രട്ടറി ശ്രീ സൺ ഹൊയാങ് മെയ്ഡങ്, പൊളിറ്റിക്കൽ കൗൺസിലർ (വിയറ്റ്നാം) ശ്രീ നയെൻ തൈനോക് ഡങ്, ട്രേഡ് കൗൺസിലർ ( വിയറ്റ്നാം) ശ്രീ ബിടങ് തുവാങ്, കൗൺസിലർ (വിയറ്റ്നാം) ശ്രീ നോയൻ തൈതാൻഹ് ക്വാൻ, വോയ്സ് ഓഫ് വിയറ്റ്നാം ബ്യൂറോ ചീഫ് പ്രതിനിധി ശ്രീ ഫാൻ താങ് ടങ് , കൃഷി ഡയറക്ടർ ശ്രീ ടി.വി സുഭാഷ് ഐ എ എസ്, ഡബ്ല്യു ടി ഒ സ്പെഷ്യൽ ഓഫീസർ ശ്രീമതി ആരതി ഐ ഇ എസ്, പ്രൈസസ് ബോർഡ് ചെയർമാൻ ഡോ. രാജശേഖരൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

# കാർഷികവിപ്ലവത്തിന് കർഷകക്കൂട്ടായ്മകൾ

കേന്ദ്ര കൃഷി മന്ത്രാലയം അഡിഷണൽ സെക്രട്ടറി ശ്രീ പ്രശാന്ത കുമാർ സ്വയിൻ ഐ.എ.എസ് ജൈവ കൃഷിയെ കൃഷിയെ കുറിച്ചും, ഭാരതീയ പ്രകൃതി കൃഷി (BPKP) പദ്ധതിയെ കുറിച്ചും വിലയിരുത്തുന്നതിനായി ആലുവ സ്റ്റേറ്റ് സീഡ് ഫാം, കുനമാവ് സെന്റ്. ജോസഫ് ബോയ്സ് ഹോം എന്നീവിടങ്ങളിൽ സന്ദർശനം നടത്തി. കേരളത്തിൽ കൃഷി സ്ഥലത്തിന്റെ ലഭ്യത കുറവായതിനാൽ ഗ്രൂപ്പ് ഫാമിങ്ങും ഗ്രൂപ്പ് മാർക്കറ്റിങ്ങുമാണ് കാർഷിക രംഗത്തു വിജയം കൊയ്യാൻ കൂടുതൽ അനുയോജ്യമെന്ന ശ്രീ. പ്രശാന്തകുമാർ സ്വയിൻ അഭിപ്രായപ്പെട്ടു. ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി) നടപ്പാക്കിയ കോട്ടുവള്ളി പഞ്ചായത്തിലും അദ്ദേഹം സന്ദർശനം നടത്തി. കളക്ടർ ശ്രീ. ജാഫർ മാലിക്, കൃഷി ഡയറക്ടർ ശ്രീ. T.V സുഭാഷ് ഐ എ എസ്, പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. ഷീലപോൾ, ഡപ്യൂട്ടി ഡയറക്ടർമാരായ ശ്രീമതി. അനിതാകുമാരി, ശ്രീ. തോമസ് സാമുവൽ, അസി. ഡയറക്ടർമാരായ ശ്രീ. ജോൺ ഷെറി, ശ്രീമതി. ജിഷ പി.ജി., ശ്രീ. ശശിമേനോൻ, ശ്രീമതി. ലിസിമോൾ ജെ. വടക്കൂട്ട്, കൃഷി ഓഫീസർ ശ്രീമതി. റെയ്ഹാന എന്നിവർ ഒപ്പമുണ്ടായിരുന്നു.



# അട്ടശല്യം - കർഷകർക്ക് ആശ്വാസമായി കൃഷിവകുപ്പ്

വേളം പഞ്ചായത്തിലെ പാവുള്ളാട്ടു പാടശേഖരത്തിൽ വച്ചു നടന്ന "വിള ആരോഗ്യ പരിപാലന പദ്ധതിയുടെ കീഴിൽ രോഗ കീടങ്ങളെ നേരിടാനുള്ള ആകസ്മിക പരിപാടിയുടെ ഭാഗമായി അട്ടശല്യം പദ്ധതി കുറ്റിയാടി എം എൽ എ ശ്രീ കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ഉൽഘാടനം ചെയ്തു. ഇതോടാനുബന്ധിച്ച് കുമ്മായവും ഉരിശും വിതരണം നടത്തി. വേളം പഞ്ചായത്തിൽ പുഞ്ചകൃഷി സംരക്ഷിക്കുകയും നെൽവയലുകൾ തരിശിടാതിരിക്കുകയും അട്ടയുടെ ആക്രമണത്തിൽ നിന്നും കർഷകരേയും കർഷക തൊഴിലാളികളേയും വളർത്തുമൃഗങ്ങളേയും സംരക്ഷിക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

അട്ടശല്യം കുറക്കാനുള്ള മുൻ നടപടികൾ എന്ന നിലയിൽ ഭൂമി തരിശിടാതിരിക്കാനും നിലം ഒരുക്കുമ്പോഴും നിലംഒരുക്കി ഒരു മാസത്തിനു ശേഷവും കുമ്മായം വിതറാനും പറിച്ചു നടീൽ, കളപറിയ്ക്കൽ എന്നിവയ്ക്ക് മുൻപ് ഏക്കറിന് നാല് കിലോ എന്ന കണക്കിൽ നന്നായി പൊടിച്ച ഉരിശ് പൊടിമണ്ണുമായി കലർത്തി വിതറാനമാണ് ഉദ്ദേശിയ്ക്കുന്നത്. കുമ്മായം വിതറുന്നതും താറാവുകളെ കൃഷിയിടത്തിൽ ഇറക്കുന്നതും അട്ടശല്യം ഗണ്യമായി കുറയ്ക്കുമെന്ന് കണക്കാക്കുന്നു. വേളം പഞ്ചായത്തു പ്രസിഡന്റ് ശ്രീമതി നയിമ കുളമുള്ളതിൽ അധ്യക്ഷം വഹിച്ച ചടങ്ങിൽ കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീ ശശി പൊന്നണ, കുന്നുമ്മൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, വേളം കൃഷി ഓഫീസർ ശ്രീ രാജിൽ, കൃഷി അസിസ്റ്റന്റ് ശരത്, ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു.



# കേരള കാർഷിക സർവ്വകലാശാലയുടെ കേരളപ്പിറവി ദിനാഘോഷം

നിരന്തരമായ ഉപയോഗത്തിലൂടെയാണ് ഭാഷ സ്വന്തമാകുന്നതും പ്രയോഗക്ഷമമാവുന്നതും എന്ന് പ്രശസ്ത കവിയും ഗാന രചയിതാവുമായ ശ്രീ. അൻവർ അലി. സർവ്വകലാശാല സെമിനാർ ഹാളിൽ, കാർഷിക കോളേജ് ലൈബ്രറി സംഘടിപ്പിച്ച കേരളപ്പിറവി ദിനാഘോഷം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കോളേജ് ഡീൻ, ഡോ.മിനി രാജ് അദ്ധ്യക്ഷത വഹിച്ചു. ലൈബ്രേറിയൻ ഡോ. വി.എസ്.സ്വപ്ന, ഡോ.സജി ഗോമസ്, ശ്രീ. ജോയ് പോൾ, ശ്രീ.അനരഞ്ജ് എന്നിവർ സംസാരിച്ചു.



# മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തനസജ്ജമായി

RKVY (രാഷ്ട്രീയ കൃഷി വികാസ് യോജന) പദ്ധതിയിലുൾപ്പെടുത്തി മൃഗസംരക്ഷണ വകുപ്പ് വാങ്ങിയ മൂന്ന് മൊബൈൽ വെറ്ററിനറി സർവ്വീസ് ആംബുലൻസുകളുടെ ഫ്ളാഗ്ഓഫ് കർമ്മം മൃഗസംരക്ഷണ വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി തിരുവനന്തപുരം വികാസ് ഭവൻ അങ്കണത്തിൽ വച്ച് നവംബർ മാസം ഒന്നാം തീയതി നിർവ്വഹിച്ചു. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. കൗശിഗന്റെ അദ്ധ്യക്ഷതയിലായിരുന്നു ചടങ്ങ് നടന്നത്. കർഷകർക്ക് അവശ്യസമയത്ത് മൃഗചികിത്സ അവരുടെ വീട്ടുപടിക്കൽ എത്തിക്കുന്നതിന് ഈ പദ്ധതിയിലൂടെ സാധിക്കുമെന്നും മൃഗസംരക്ഷണ മേഖലയിലെ ചികിത്സാരംഗത്ത് ഇതൊരു പുതിയ ചുവടുവെപ്പാണെന്നും ഫ്ളാഗ് ഓഫ് കർമ്മം നിർവ്വഹിച്ചു കൊണ്ട് മന്ത്രി പറഞ്ഞു. RKVY പദ്ധതിയിലുൾപ്പെടുത്തി 63.46 ലക്ഷം രൂപ ചെലവിട്ടാണ് 3 ആംബുലൻസുകൾ വകുപ്പ് വാങ്ങിയത്. ചടങ്ങിൽ പത്തനംതിട്ട, പാലക്കാട്, വയനാട് ജില്ലകളിലെ ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറിൽ നിന്നും താക്കോൽ ഏറ്റുവാങ്ങി. ചടങ്ങിൽ മൃഗസംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർമാരായ ഡോ. സാബു എസ്.എം., ഡോ. ജി.ജിമോൻ ജോസഫ് തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. ബീനബീവി തുടങ്ങിയ ഉദ്യോഗസ്ഥർ പങ്കെടുത്തു.



# ഫീഡ് ഓൺ വീൽസ്

ക്ഷീരകർഷകരുടെ ഉന്നമനത്തിനായി കേരള ഫീഡ്സ് തുടങ്ങുന്ന 'ഫീഡ് ഓൺ വീൽസ്' എന്ന പദ്ധതിക്ക് നവംബർ 3 ന് തുടക്കം കുറിച്ചു. കോവിഡ് മഹാമാരിയും പ്രകൃതി ക്ഷോഭവും മൂലം ദുരിതത്തിലായ കർഷകർക്ക് സഹായകമായിട്ടാണ് കേരള ഫീഡ്സും കെ എസ് ആർ ടി സി യും സഹകരണാടിസ്ഥാനത്തിൽ ഫീഡ് ഓൺ വീൽ എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ആദ്യഘട്ടത്തിൽ കരുനാഗപ്പള്ളിയും കോഴിക്കോടും കേന്ദ്രീകരിച്ച് കെ എസ് ആർ ടി സിയുടെ രണ്ട് ബസുകളാണ് മൊബൈൽ തീറ്റ വിൽപ്പനശാലകളായി പ്രവർത്തിക്കുന്നത്. 40 രൂപ മുതൽ 300 രൂപ വരെ വില കിഴിവിലാകും കേരള ഫീഡ്സിന്റെ തീറ്റകൾ ഈ മൊബൈൽ വിൽപ്പനശാലകൾ വഴി വിൽക്കുന്നത്. 9447490116 എന്ന മൊബൈൽ നമ്പരിൽ മെസേജ് നൽകി ബുക്ക് ചെയ്യാവുന്നതാണ്.



# കാലാവസ്ഥാ വ്യതിയാനം

**വിഷ്ണു. എസ്.പി.,**
അഗ്രികൾച്ചറൽ ഓഫീസർ,
ഫാം ഇൻഫർമേഷൻ ബ്യൂറോ

## പ്രതിരോധ നടപടികൾ സ്വീകരിക്കേണ്ടത് ആര്?

### കാർഷിക മേഖലയെ അടിസ്ഥാനമാക്കി ഒരവലോകനം

കാലാവസ്ഥാവ്യതിയാനവും പ്രകൃതിദുരിതങ്ങളും തുടർക്കഥയായി മാറിക്കൊണ്ടിരിക്കുന്ന കേരളത്തിൽ ഇതാ വീണ്ടുമൊരു അപ്രതീക്ഷിത പേമാരിയും ഉരുൾപൊട്ടലും. പണ്ടേതോ കഥയിൽ വായിച്ച മറന്ന മേഘവിസ്ഫോടനവും ചക്രവാതച്ചുഴിയുമൊക്കെ നിത്യോപയോഗ പദങ്ങളായി മാറിയിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനം എന്ന് പതിറ്റാണ്ടുകൾക്കു മുമ്പേ പറഞ്ഞിരുന്നെങ്കിലും പ്രകടമായി മനസ്സിലാകുന്നത് ഇപ്പോഴാണ്. പ്രളയം മാത്രമല്ല, മറ്റു പല രീതികളിലും കാലാവസ്ഥാ വ്യതിയാനം നാം നേരിട്ട് അനുഭവിച്ചു തുടങ്ങിയിരിക്കുന്നു. കഴിഞ്ഞ കുറച്ചു വർഷങ്ങളിലായി അനുഭവപ്പെട്ടു വരുന്ന തീവ്രമഴ, വരൾച്ച, ചുഴലിക്കാറ്റ്, ശൈത്യം എന്നിവ പരിശോധിച്ചാൽ തന്നെ നമുക്കിത് മനസ്സിലാകും.

പ്രളയം മനുഷ്യന്റെ ജീവനും സ്വത്തും കവർന്നെടുത്ത് കടന്നുപോയെങ്കിലും അഭ്യൂഹങ്ങൾ പലതും ബാക്കിനിൽക്കുകയാണ്. പ്രളയം മനുഷ്യനിർമ്മിതമാണെന്നും അല്ലെന്നും ഉള്ള വാദഗതികൾ പലയിടങ്ങളിലും നടക്കുകയാണ്. മനുഷ്യനിർമ്മിതമാണെങ്കിലും അല്ലെങ്കിലും പ്രകൃതിയോടുള്ള വിവേചനരഹിതമായ ഇടപെടലുകളുടെ പരിണിതഫലമാണ് പ്രകൃതിദുരന്തങ്ങളായി ഭവിക്കുന്നതെന്ന് നിസ്സംശയം പറയാൻ കഴിയും.

കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി തുടർന്നു വരുന്ന പരിസ്ഥിതി ചൂഷണങ്ങൾ തെല്ലൊന്നുമല്ല കാലാവസ്ഥയിൽ വ്യതിയാനങ്ങൾ സൃഷ്ടിച്ചിട്ടുള്ളത്. ആഗോളതാപനവും, ഹരിതഗൃഹ വാതകങ്ങളുടെ പ്രഭാവവും പരിധി കടന്നിരിക്കുകയാണ്. വരൾച്ച, പേമാരി, കൊടുങ്കാറ്റ്, ഭൂഗർഭജലത്തിന്റെ അപര്യാപ്തത, ഭൂമി ഇടിഞ്ഞു താഴൽ, വിള്ളലുകൾ, മേഘവിസ്ഫോടനം എന്നിവ ഇത്തരം കാലാവസ്ഥാ വ്യതിയാനങ്ങളുടെ പ്രതിഫലനമാണെന്ന് പഠനങ്ങൾ തെളിയിക്കുന്നുണ്ട്.

ഭൂമിയിൽ കഴിഞ്ഞ നൂറ്റാണ്ടിനേക്കാൾ 0.80c ഭൗമാന്തരീക്ഷ ഊഷ്മാവ് ഉയർന്നിട്ടുണ്ടെന്നാണ് കണ്ടെത്തൽ. അതിൽ 0.60c വർദ്ധനവ് വന്നത് കഴിഞ്ഞ 3 പതിറ്റാണ്ടുകളിലായിട്ടാണ്. ഈ നില തുടർന്നാൽ ഈ നൂറ്റാണ്ടിൽ



ശരാശരി താപനില 1.10c മുതൽ 6.40c വരെ ഉയരുമെന്നാണ് പഠന റിപ്പോർട്ട്. ഇതിന്റെ അനന്തരഫലങ്ങൾ മായ്ക്കാൻ പറ്റാത്ത പ്രത്യാഘാതങ്ങളായിരിക്കും സൃഷ്ടിക്കുന്നത്. ആരോഗ്യപ്രശ്നങ്ങൾ, കാലാവസ്ഥാ വ്യതിയാനങ്ങൾ, മഞ്ഞ് ഉരുകൽ, ഉപ്പുവെള്ളക്കയറ്റം തുടങ്ങി പ്രശ്നങ്ങൾ നമ്മെ വേട്ടയാടും. വികസിത രാജ്യങ്ങളാണ് ഹരിതഗൃഹവാതകങ്ങളുടെ ഭൂരിഭാഗം സ്രഷ്ടാക്കളെങ്കിലും, അനുഭവിക്കുന്നത് എല്ലാ രാഷ്ട്രങ്ങളും ചേർന്നാണ്. സമുദ്ര ജലനിരപ്പ് ഉയരുന്നത് എല്ലാവരിലും ഉത്കണ്ഠ സൃഷ്ടിച്ചിരിക്കുകയാണ്. കഴിഞ്ഞ 25 വർഷത്തിനിടയിൽ 7സെ.മീറ്റർ ആണ് സമുദ്രജലനിരപ്പ് ഉയർന്നിട്ടുള്ളത്. ഈ സ്ഥിതി തുടർന്നാൽ 2100 ൽ 65 സെ. മീറ്റർ വരെ ജലനിരപ്പ് ഉയരുമെന്നാണ് കണക്കാക്കുന്നത്. അതായത് തീരപ്രദേശങ്ങളെല്ലാം മുങ്ങുമെന്ന് ഉറപ്പ്. കേരളത്തിൽ കൊല്ലം ജില്ലയിലെ മൺറോതുരുത്ത് 10 വർഷത്തിലേറെയായി വെള്ളം കയറിക്കൊണ്ടിരിക്കുന്ന അവസ്ഥയിലാണ്. എറണാകുളത്തു പല മേഖലകളിലും ഇത്തരം ഭീഷണി നേരിടുന്നുണ്ട്. സമുദ്ര ജലനിരപ്പ് ഉയരുന്നതും അമിതമായ ഭൂഗർഭജല ചൂഷണവും കാരണം ജക്കാർത്ത നഗരം 2050 ഓടെ ഭൂമുഖത്തു നിന്നും അപ്രത്യക്ഷമാകുമെന്നാണ് ഭയപ്പെടുന്നത്. ആഗോളതാപനത്തിന്റെ പരിണിതഫലങ്ങൾ തന്നെയാണിതെല്ലാം. 1992 മുതൽ ലോകരാഷ്ട്രങ്ങൾ തമ്മിൽ തുടങ്ങിയ പല ചർച്ചകളും ഉടമ്പടികളും ഉദ്ദേശഫലം ഇതുവരെ കണ്ടിട്ടില്ല. ആഗോളതാപ നിയന്ത്രണത്തിനുള്ള ചർച്ചകൾ, ക്യോട്ടോ പ്രോട്ടോക്കോൾ, കോപ്പൻഹേഗൻ, കങ്കൺ ഉടമ്പടികൾ എന്നിവയിൽ തുടങ്ങി പാരീസ് ഉടമ്പടിയിൽ വന്നുനിൽക്കുകയാണ്. വികസിത രാജ്യങ്ങളൊന്നും തന്നെ ഒരു ഉടമ്പടിയിലും ഉറച്ചു നിൽക്കാത്തത് അപ്രതീക്ഷിത തിരിച്ചടികളാണ് നൽകുന്നത്.

ആഗോളതാപനത്തിന്റെ പ്രധാന കാരണം ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗമാണ്. കാർഷിക മേഖലയും ആഗോളതാപനത്തിനു നേരിട്ടും അല്ലാതെയും കാരണമാകുന്നുണ്ട്. വിത്തുല്പാദനം മുതൽ വിപണനം വരെയുള്ള വിവിധ ഘട്ടങ്ങൾ ഹരിതഗൃഹ വാതകങ്ങളുടെ പ്രഭാവത്തിനു കാരണമായ പല ഘട്ടങ്ങളിൽക്കൂടിയും കടന്നു പോകുന്നുണ്ട്. വികസിത രാജ്യങ്ങളെ അപേക്ഷിച്ച് ആളോഹരി ഹരിതഗൃഹ വാതകങ്ങളുടെ നി?ഗമനം നമ്മുടെ രാജ്യത്ത് കുറവാണ്. എന്നിരുന്നാലും ജനസംഖ്യ കണക്കാക്കുമ്പോൾ നമ്മുടെ രാജ്യം പുറത്തുവിടുന്ന ഹരിതഗൃഹ വാതകങ്ങളുടെ അളവ് വളരെ കൂടുതലുമാണ്.

കേരളത്തിലെ കാർഷിക സമ്പദ്‌വ്യവസ്ഥയെ സംബന്ധിച്ചിടത്തോളം കാലാവസ്ഥാ വ്യതിയാനങ്ങൾ ഏറ്റവും കൂടുതൽ ബാധിക്കുന്നത് നെൽകൃഷിയെയും, മറ്റുനാണ്യ വിളകളായ കാപ്പി, കുരുമുളക്, ഏലം,തേയില, റബ്ബർ എന്നിവയെയുമാണ്. അന്തരീക്ഷ ഊഷ്മാവ്, സൂര്യപ്രകാശം എന്നിവയോട് ഏറ്റവും

കൂടുതൽ പ്രതികരിക്കുന്ന വിളയാണ് നെല്ല്. വെള്ളത്തിൽ വളരുന്ന വിളയാണെങ്കിൽപ്പോലും ചിലഘട്ടങ്ങളിൽ കനത്തമഴ പ്രതിസന്ധി സൃഷ്ടിക്കാറുണ്ട്. താപനിലയിൽ ഉണ്ടാകുന്ന 10c വർദ്ധനവ് പോലും നെല്ലുത്പാദനം 10 ശതമാനം കുറയ്ക്കുമെന്നാണ് കണക്കാക്കപ്പെട്ടത്. ലോകത്തുതന്നെ ഏറ്റവും കൂടുതൽ നെല്ല് ഉത്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ രണ്ടാം സ്ഥാനമാണ് ഇന്ത്യക്കുള്ളത്. കുരുമുളക്, ഏലം കാപ്പി, എന്നിവയ്ക്കെല്ലാം തന്നെ അന്തരീക്ഷ ഊഷ്മാവ്, മഴയുടെ അളവ് എന്നീ ഘടകങ്ങൾ ഏറെ സ്വാധീനം ചെലുത്തുന്നുണ്ട്. വേനൽമഴ ചില ഘട്ടങ്ങളിൽ ഇത്തരം വിളകൾക്ക് അനുകൂലമായി ഭവിക്കാറുമുണ്ട്.

പരിസ്ഥിതിലോല പ്രദേശങ്ങളിൽ അനുവർത്തിക്കേണ്ട കൃഷിരീതികളെ കുറിച്ച് ഗാഡ്ഗിൽ റിപ്പോർട്ടിലെ ശുപാർശകൾക്ക് പ്രസക്തിയേറുകയാണ്. 2013 ൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പരാമർശിക്കുന്ന പല കാര്യങ്ങളും പാലിക്കാതിരുന്നതിന്റെ ഭവിഷത്ത് നാം ഇന്നു നേരിടുകയാണ്. ഇനിയും ഇതിലെ പ്രസക്തമായ കാര്യങ്ങൾ നാം മനസ്സിലാക്കി പ്രവർത്തിക്കാതിരുന്നാൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളായിരിക്കും അവ സൃഷ്ടിക്കാൻ പോകുന്നത്. പരിസ്ഥിതിലോല പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളെ കുറിച്ച് വിശദമായി തന്നെ റിപ്പോർട്ടിൽ പറയുന്നുണ്ട്. കാർഷിക മേഖലയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്. ചരിവുള്ള പ്രദേശങ്ങളിൽ ഹ്രസ്വകാലവിളകൾ ഒഴിവാക്കണമെന്നും പരമ്പരാഗത കൃഷിരീതികളും ബഹുവിളകൃഷിരീതികളും പ്രോത്സാഹിപ്പിക്കണമെന്നുമാണ് പറയുന്നത്. തേയില, കാപ്പി, ഏലം തുടങ്ങിയവയുടെ കൃഷിക്കു വേണ്ടിയുള്ള വനനശീകരണം അനുവദനീയമല്ല. മണ്ണുജലസംരക്ഷണത്തിനായി നിർമ്മാണപ്രവർത്തനങ്ങൾ പരമാവധി ഒഴിവാക്കി പകരം അനുയോജ്യമായ വിളകൾ നട്ടുവളർത്തേണ്ടതാണ്. ജനിതകമാറ്റം വരുത്തിയ വിളകൾ ഇത്തരം പ്രദേശങ്ങളിൽ പാടില്ല എന്നാണ് കമ്മിറ്റി ശുപാർശ ചെയ്യുന്നത്. വികേന്ദ്രീകൃത ജൈവവള ഉത്പാദന യൂണിറ്റുകൾ പ്രോത്സാഹിപ്പിച്ച് ഉത്തമ കൃഷിമുറകൾ പാലിച്ചുകൊണ്ടുള്ള (Good Agricultural Practices) കൃഷിയിലേക്ക് മാറേണ്ടതാണ്. മൃഗസംരക്ഷണ മേഖല പരിശോധിക്കുകയാണെങ്കിൽ പരമ്പരാഗത കന്നുകാലി-മത്സ്യ സമ്പത്തുകൾ മാത്രമേ ഇവിടെ പാടുള്ളൂ എന്നും പറയുന്നുണ്ട്. സംസ്ഥാനത്ത് 12 ജില്ലകളിലും ഇത്തരം പരിസ്ഥിതിലോല പ്രദേശങ്ങൾ വ്യാപിച്ചു കിടക്കുന്നതിനാൽ ശുപാർശകൾക്ക് കൂടുതൽ പ്രാധാന്യമർഹിക്കുന്നു എന്നത് ശ്രദ്ധേയമാണ്.

കാർഷിക മേഖലയിൽ നിന്നുള്ള ഹരിതഗൃഹ വാതകങ്ങളുടെ ഉത്ഭവത്തിൽ നാം സ്വയം നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. മണ്ണിൽവച്ചുതന്നെ കാർബൺ പിടിച്ചെടുക്കൽ പ്രക്രിയ (soil Carbon sequestration) നടത്തുക വഴി കാർബൺ ഡൈഓക്സൈഡ് പുറന്തള്ളുന്നത് കുറയ്ക്കാൻ സാധിക്കും. വിള അവശിഷ്ടങ്ങൾ മണ്ണിൽ കിടക്കുന്നതിന്റെ സമയം വർദ്ധിപ്പിച്ചും പരമാവധി മണ്ണ് ഇളക്കിയുള്ള പ്രവർത്തനങ്ങൾ കുറച്ചും ഇത് സാദ്ധ്യമാക്കുന്നതു വഴി അന്തരീക്ഷത്തിലേക്കുള്ള കാർബൺഡൈഓക്സൈഡ് പുറന്തളളൽ തടയാം. ജൈവവളങ്ങൾ കമ്പോസ്റ്റ് ആക്കിയുള്ള ഉപയോഗം, ബഹുവിളകൃഷി സമ്പ്രദായം, പയറുവർഗ്ഗവിളകളുടെ കൃഷി, സംയോജിത കീട നിയന്ത്രണ മാർഗങ്ങൾ, വിളപരിക്രമണം, നൈട്രജൻ വളങ്ങളുടെ കാര്യക്ഷമതയോടുകൂടിയ ഉപയോഗം, കന്നുകാലികളുടെ ശാസ്ത്രീയ ആഹാര രീതികൾ എന്നിവ ശാസ്ത്രീയമായി നടപ്പിലാക്കിയാൽ തന്നെ കാർഷിക മേഖലയിൽ നിന്നുള്ള ഹരിതവാതകപ്രവാഹം കുറയ്ക്കാൻ കഴിയും.

എന്നാൽ ഇവിടുത്തെ ഏറ്റവും വലിയ പ്രശ്നം പ്രതിരോധ പ്രവർത്തനങ്ങളും നിയന്ത്രണങ്ങളും ആര് നടപ്പിലാക്കും എന്നതാണ്. കാലാവസ്ഥാ മുന്നറിയിപ്പുകൾ മാത്രം പരിഗണിച്ച് കാലാവസ്ഥാവ്യതിയാനത്തെ ചെറുക്കുക അപ്രായോഗികം. കാലാവസ്ഥാവ്യതിയാനത്തിന്റെ കാരണങ്ങൾ, പ്രത്യാഘാതങ്ങൾ എന്നിവ സംബന്ധിച്ച് സാമൂഹിക അവബോധം എല്ലാ ജനങ്ങൾക്കും നൽകുകയും, നിബന്ധനകൾക്ക് വിധേയമായി വ്യക്തിഗതമായി ഇവ നടപ്പിലാക്കുന്നതിന് നിയമ സാധുത ഏർപ്പെടുത്തുകയും വേണം. സ്കൂൾ തലം മുതൽ ഇതിനുള്ള വിദ്യാഭ്യാസം കുട്ടികൾക്കും നൽകണം. വ്യക്തിഗതമാറ്റം അനിവാര്യം.

അതിജീവന യത്നത്തിൽ സംസ്ഥാനം നല്ലരിതിയിൽ വിജയം കൈവരിച്ചിട്ടുള്ള അനുഭവമാണ് നമുക്കുള്ളത്. അനുഭവങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സുസ്ഥിരവും ആദായകരവും മത്സരങ്ങളെ അതിജീവിക്കാൻ പ്രാപ്തവുമായ പഴയകാർഷിക സംസ്കാരത്തിലേയ്ക്കും പ്രകൃതിയെ സംരക്ഷിച്ചുകൊണ്ടുള്ള വ്യാപാരത്തിലേയ്ക്കും ചുവടുവയ്ക്കണമെന്നതും കാലഘട്ടത്തിന്റെ ആവശ്യകതയാണ്. വ്യക്തികളിൽ നിന്നും തുടങ്ങട്ടെ ആദ്യ ചുവടുവെയ്പ്പ്.

# മൃഗസംരക്ഷണ വകുപ്പിന് അന്താരാഷ്ട്ര അംഗീകാരം

തിരുവനന്തപുരം വികാസ് ഭവനിലുള്ള മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിന് ഐ.എസ്.ഒ 9001:2015 അംഗീകാരം പുതുക്കി ലഭിച്ചു. ഐ.എസ്.ഒ സർട്ടിഫിക്കറ്റിന്റെ പ്രകാശനം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിൽ വച്ച് നടന്ന ചടങ്ങിൽ മൃഗസംരക്ഷണ വകുപ്പ്മന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി നിർവ്വഹിച്ചു.



# കണ്ണിനെ മയക്കും ഗിർ

**ഡോ. ആശ റ്റി.റ്റി,**
അസിസ്റ്റന്റ് ഡയറക്ടർ, ഫാം ഇൻഫർമേഷൻ ബ്യൂറോ

അൻപതോളം വരുന്ന ഇന്ത്യയുടെ തനതു കന്നുകാലി ജനുസുകളിൽ ഏറ്റവും പ്രചാരമേറിയതാണ് ഗുജറാത്തിലെ ഗിർവനങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന ഗിർ. ഗുജറാത്തി, സുർത്തി, കൊത്തിയവാരി തുടങ്ങി പല പേരുകളിൽ ഇവ അറിയപ്പെടുന്നു. ഉഷ്ണമേഖലപ്രദേശങ്ങളിലെ കന്നുകാലികൾക്കു വരുന്ന രോഗങ്ങൾക്കെതിരെ നല്ല പ്രതിരോധശേഷിയുള്ള ഗിർ, മറ്റ് ഇന്ത്യൻ ജനുസുകളുമായി താരതമ്യം ചെയ്യുമ്പോൾ ഉയർന്ന ഉൽപാദന പ്രത്യുൽപാദന ക്ഷമതകൾ കാഴ്ചവയ്ക്കുന്നുണ്ട്. നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ ജനുസെന്ന രീതിയിൽ കാലാവസ്ഥാ വ്യതിയാനങ്ങൾ ഇവയുടെ ഉൽപാദന ക്ഷമതയെ വലുതായി ബാധിക്കാറില്ല.



കണ്ണിമവെട്ടാതെ നോക്കി നിന്നു പോകുന്ന അഴകിന്റെ പര്യായമാണ് ഈ ഉരുക്കൾ. ഭൂരിഭാഗം ഉരുക്കൾക്കും ചുവപ്പ് നിറമാണ്. അപൂർവ്വമായി ചോക്ലേറ്റ് നിറത്തിലോ ചുവപ്പിൽ വെള്ള പുള്ളികളോടെയോ കാണപ്പെടാറുണ്ട്. നീണ്ടുചുരുണ്ട ഇലപോലെ ഉൾഭാഗം മുന്നിലേയ്ക്കായി ഒരടിയോളം നീളത്തിൽ താഴേയ്ക്ക് വീണുകിടക്കുന്ന ചെവികൾ ഇവയുടെ പ്രധാന ആകർഷണങ്ങളാണ്. അർദ്ധചന്ദ്രാകൃതിയിൽ വശങ്ങളിലേയ്ക്കും താഴേയ്ക്കും പിറകിലേയ്ക്കും മുകളിലേയ്ക്കും മുന്നിലേയ്ക്കുമായി വളഞ്ഞിരിയ്ക്കുന്ന അറ്റം കൂർത്ത കൊമ്പുകളാണ് എടുത്തുപറയേണ്ട മറ്റൊരു പ്രത്യേകത. കൊമ്പുകൾക്കിടയിലായി അർദ്ധഗോളാകൃതിയിൽ ഉയർന്ന്, കണ്ണുകളെ മറച്ചുകൊണ്ട് തള്ളിനിൽക്കുന്ന വിശാലമായ നെറ്റിത്തടം ഗിറിനെ വേറിട്ടതാക്കുന്നു. കറുപ്പോ മഞ്ഞയോ നിറത്തിലുള്ള നാസികാഗ്രങ്ങളും, പാതി മയങ്ങിയ കണ്ണുകളും, നനുത്ത മേനിയും, എണ്ണമെഴുക്കുള്ള തിളക്കമാർന്ന പുറംതൊലിയും എല്ലാം ഇവയുടെ ആകർഷണം കൂട്ടുന്നു. ഉയർന്നുനിൽക്കുന്ന പൂഞ്ഞയും (hump) തൂങ്ങിക്കിടക്കുന്ന ആടയും മറ്റ് ഇന്ത്യൻ ജനുസുകൾക്കെന്ന പോലെ ഗിറിനും അലങ്കാരമാണ്. 130 സെന്റീ മീറ്ററിലധികം ഉയരം വയ്ക്കുന്ന വളർച്ചയെത്തിയ കാളകൾക്ക് 500 കിലോയിലധികവും പശുക്കൾക്ക് 380 കിലോയോളവും തൂക്കം വരും.

കാഴ്ചയിലും സൌന്ദര്യത്തിലും മാത്രമല്ല, ഉൽപാദന, പ്രത്യുൽപാദന ക്ഷമതകളിലും ഗിർ പിന്നിലല്ല. നാലര ശതമാനത്തിലധികം കൊഴുപ്പുള്ള ഇവയുടെ പാലുൽപാദനം പ്രസവിച്ച് 6-8 ആഴ്ച്ച എത്തുമ്പോഴേയ്ക്കും ദിനംപ്രതി 10 കിലോയിലധികം എത്താറുണ്ട്. 300 ദിവസത്തിലധികം (43 ആഴ്ച്ചയോളം) നീണ്ടുനിൽക്കുന്ന കറവക്കാലത്ത് ശരാശരി 2110 കിലോയിലധികം പാൽ കിട്ടും. റെഡ് സിന്ധി, സഹിവാൾ തുടങ്ങിയ മറ്റ് ഇന്ത്യൻ ജനുസുകളുടെ വംശോദ്ധാരണത്തിനായി ഇവയെ ഉപയോഗിയ്ക്കാറുണ്ട്. മാത്രമല്ല പല വിദേശരാജ്യങ്ങളും സങ്കര ജനുസുകളെ ഉൽപാദിപ്പാദനത്തിനായി ഇവയെ ഉപയോഗിയ്ക്കുന്നുണ്ട്. എ2 പാലുൽപാദിപ്പിയ്ക്കുന്ന ഇന്ത്യൻ ജനുസുകളിൽ പ്രധാനിയാണ് ഗിർ പശുക്കൾ.



ഫോട്ടോ: ഇന്റിമേറ്റ് എ2 മിൽക്ക് ഫാം, ശാസ്തമംഗലം

# ഭാരത അന്താരാഷ്ട്ര മേളയിൽ ആകർഷകമായി സംസ്ഥാന കൃഷിവകുപ്പിന്റെ സെൽഫി പോയിന്റ്

ന്യൂഡൽഹി പ്രഗതി മൈതാനിൽ നടക്കുന്ന ഭാരത അന്താരാഷ്ട്ര വിപണന മേളയിൽ സംസ്ഥാന കൃഷിവകുപ്പിന്റെ സെൽഫി പോയിന്റ് ഏവരുടെയും ശ്രദ്ധാകേന്ദ്രമായി. നവംബർ 14 മുതൽ 27 വരെ നടന്ന മേളയിൽ കേരള പവലിയന്റെ ഉദ്ഘാടനം ബഹു. രാജ്യസഭ എം.പി. ശ്രീ. ജോൺബ്രിട്ടാസ് നിർവഹിച്ചു. 14 സർക്കാർ വകുപ്പുകൾ, ഖാദി ബോർഡ്, മാർക്കറ്റ് ഫെഡ്, കുടുംബശ്രീ സ്റ്റാൾ എന്നിവ കേരള പവലിയനിൽ ഉണ്ടായിരുന്നു. കൂടാതെ കൊമേഴ്സ്യൽ സ്റ്റാളുകളും. കൃഷിവകുപ്പിനെ പ്രതിനിധീകരിച്ച് ഫാം ഇൻഫർമേഷൻ ബ്യൂറോ യാണ് സ്റ്റാൾ സജ്ജമാക്കിയത്. ആത്മ നിർഭർ ഭാരത് എന്നതാണ് ഇത്തവണത്തെ അന്താരാഷ്ട്ര മേളയുടെ ഇതിവൃത്തം. ഈ വിഷയത്തെ ആസ്പദമാക്കി കൃഷിവകുപ്പ് കേരളത്തനിമയുടെ ദൃശ്യാവിഷ്കാരമാണ് നടത്തിയിട്ടുള്ളത്. കർഷക ഉത്പാദക സംഘങ്ങളുടെ പ്രസക്തിയും ഇതിലൂടെ കർഷക വരുമാന വർധനവും കൃഷിവകുപ്പ് ദൃശ്യാവിഷ്കാരം നടത്തിയിട്ടുണ്ട്. കാർഷിക സ്വയം പര്യാപ്തതയുടെ അടിസ്ഥാനമായ സംയോജിത കൃഷി യൂണിറ്റുകൾ, യൂറോപ്യൻ വിപണിയിലെ മുഖ്യ ആകർഷകമായ സുഗന്ധവ്യഞ്ജനങ്ങൾ ഉൾപ്പെടുന്ന സ്പൈസസ് ടീ എന്നിവ കൃഷി വകുപ്പ് സ്റ്റാളിലെ ആകർഷകങ്ങളായിരുന്നു. ഉത്പാദനം, സംഭരണം, സംസ്കരണം, വിപണനം എന്നീ മേഖലകളിൽ ഉത്പാദക സംഘങ്ങളുടെ പ്രാധാന്യം, ഫാം ടൂറിസം എന്നിവയെല്ലാം ഉൾപ്പെടുത്തിയാണ് കൃഷിവകുപ്പ് സ്റ്റാൾ സജ്ജീകരിച്ചിട്ടുള്ളതെന്ന് പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ ശ്രീ. ജോർജ് സെബാസ്റ്റ്യൻ അഭിപ്രായപ്പെട്ടു. കേരള തനിമ വിളിച്ചോതുന്ന സെൽഫി പോയിന്റിൽ ഫോട്ടോ എടുക്കുന്നതിന് സന്ദർശകരുടെ വൻതിരക്കാണ് സ്റ്റാളിൽ അനുഭവപ്പെട്ടത്. കൃഷിവകുപ്പിന്റെ കൊമേഴ്സ്യൽ സ്റ്റാളിൽ ഹോർട്ടികോർപ്പ്, കേരഫെഡ്, ഓയിൽപാം ഇന്ത്യ , കെയ്കോ, പ്ലാന്റേഷൻ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളും പങ്കെടുത്തു.








# പൗൾട്രി വികസന കോർപ്പറേഷന്റെ "കോഴിയും കൂട്ടും"

സംസ്ഥാന പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടെ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പട്ടിക വർഗ്ഗ വിഭാഗത്തിനുവേണ്ടി നടപ്പാക്കുന്ന കോഴിവളർത്തൽ പദ്ധതിയുടെ ഉദ്ഘാടനം നവംബർ നാലിന് പത്തനാപുരം കരിയോട്ടുമലയിൽ വച്ച് ബഹു: പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ നിർവ്വഹിച്ചു. മൃഗസംരക്ഷണ വകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി പ്രസ്തുത യോഗത്തിൽ "കോഴിയും കൂട്ടും" പദ്ധതി ഉദ്ഘാടനം ചെയ്തു.



ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by George Sebastian, Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Asha T.T., Design & Layout : Maya Santhosh